**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2600** **17-03-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വിമാനത്താവളത്തിലെ കാർഗോ നടത്തിപ്പ് ചുമതല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വിമാനത്താവളത്തിലെ കാർഗോ നടത്തിപ്പിന്റെ ചുമതല വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എസ്.ഐ .ഇ. ലിമിറ്റഡ് നിർവ്വഹിക്കുന്നുണ്ടോ; എങ്കിൽ എത്ര വർഷമായി പ്രസ്തുത ചുമതല നിർവ്വഹിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. കഴിഞ്ഞ 43 വർഷങ്ങളായി തിരുവനന്തപുരം വിമാത്താവളത്തിലെ കാർഗോ ഓപ്പറേഷൻസ് കെ.എസ്.ഐ.ഇ ആണ് നടത്തിവരുന്നത്. |
| (ബി) | പ്രസ്തുത വിമാനത്താവളത്തിന്റെ പ്രവർത്തനം അദാനി ഗ്രൂപ്പിന്റെ കീഴിലായതിനുശേഷം കെ.എസ്.ഐ .ഇ. ലിമിറ്റഡിന്റെ കാർഗോ നടത്തിപ്പ് ചുമതല സംബന്ധിച്ച് എന്തെങ്കിലും തീരുമാനം അദാനി ഗ്രൂപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ നൽകുമോ; | (ബി) | കെ.എസ്.ഐ.ഇ - യുടെ കാർഗോ നടത്തിപ്പ് ചുമതല സംബന്ധിച്ച് അദാനി ഗ്രൂപ്പുമായി ചർച്ചകൾ നടക്കുന്നുണ്ട്. പ്രാഥമിക ചർച്ചകളിൽ എയർ കാർഗോ ഓപ്പറേഷൻസ് അദാനി ഗ്രൂപ്പ് സ്വന്തമായിത്തന്നെ നടത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്. |
| (സി) | പ്രസ്തുത വിമാനത്താവളത്തിലെ കാർഗോയുടെ നടത്തിപ്പ് ചുമതല കെ.എസ്.ഐ .ഇ. ലിമിറ്റഡിൽ തന്നെ നിലനിർത്തുന്നതിനുള്ള എന്തെങ്കിലും സത്വരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ റെഗുലേറ്റഡ് ഏജന്റ് പദവി നേടിയെടുക്കുന്നതിന് എയർ പോർട്ട് ഓപ്പറേറ്ററായ തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ എൻ.ഒ.സി വേണമെന്ന് നിർദേശിച്ചതിൻ പ്രകാരം എൻ.ഒ.സി - യ്ക്കായി ടി.ഐ.എ.എൽ /അദാനി ഗ്രൂപ്പിനോട് അപേക്ഷ സമർപ്പിച്ചെങ്കിലും നിരാകരിക്കുകയാണുണ്ടായത്. എന്നിരുന്നാലും ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ അംഗീകാരത്തിനായി തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് വഴി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ